## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3422

08.11.2019 ൽ മറുപടിക്ക്.

### വലിയ കടമക്കുടി-ചാത്തനാട് പാലവും അനുബന്ധ റോഡും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) ജിഡ ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന വലിയ കടമക്കുടി-ചാത്തനാട് പാലത്തിന്റെയും അനുബന്ധ റോഡിന്റെയും സ്ഥലമേറ്റെടുപ്പിനായി സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ;<br><br>(ബി) ഇതിന്റെ ഭാഗമായി സാമൂഹ്യ ആഘാത പഠനം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) & (ബി) വലിയ കടമക്കുടി-ചാത്തനാട് പാലത്തിന്റെയും അനുബന്ധ റോഡിന്റെയും സ്ഥലമേറ്റെടുപ്പിനായി 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013 )സെക്ഷൻ 11 (1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം 09/10/2019-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നടത്തിയിട്ടുള്ള സാമൂഹികാഘാത പഠനം (Social Impact Assessment) പൂർത്തീകരിക്കുകയും 27/02/2019-ൽ ടി റിപ്പോർട്ട് അംഗീകരിക്കുകയും ആയതിന്റെ സംക്ഷിപ്ത രൂപം പ്രാഥമിക വിജ്ഞാപനത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) ഭൂമി ഏറ്റെടുക്കൽ നടപടി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (സി) മേൽപ്പറഞ്ഞ ആക്ടിൽ നിഷ്കർഷിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ